പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1911

04.05.2017 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ

ചോദ്യം

ശ്രീ. മുരളി പെരുനെല്ലി

മറുപടി

ശ്രീ.എ.സി. മൊയ്തീൻ
(ബഹു.വ്യവസായവും, സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകൽ, സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, സാമൂഹിക പ്രവർത്തനം തുടങ്ങിയവയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് 2016-17-ൽ സംഘടിപ്പിച്ച പരിപാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഡയറക്ടർബോർഡ് പുന:സംഘടിപ്പിച്ചത് 2017 ജനുവരിയിലാണ്. ഈ സാഹചര്യത്തിൽ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകൽ, സ്വയംസംരംഭകത്വം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കാൻ സാധിച്ചില്ല.<br><br>വിവിധ മേഖലകളിൽ മികച്ച സാമൂഹിക പ്രവർത്തനം നിർവ്വഹിച്ച യുവജനങ്ങളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി യുവജനക്ഷേമ ബോർഡ് സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം 2013 മുതൽ നൽകി വരുന്നു. കൃഷി, കല, സാഹിത്യം, സാമൂഹികം, കായികം, മാധ്യമം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച യുവജനങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. അതോടൊപ്പം സംസ്ഥാനത്തിലും ജില്ലാതലങ്ങളിലും മികവാർന്ന പ്രവർത്തനം കാഴ്ചവച്ച യുവജന ക്ലബ്ബുകൾക്കും അവാർഡ് നൽകുന്നുണ്ട്. ജില്ലാതലത്തിലെ മികച്ച യൂത്ത് ക്ലബ്ബുകൾക്ക് 30,001/- രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങിയതാണ് പുരസ്കാരം. സംസ്ഥാനതലത്തിൽ മികച്ച യൂത്ത് ക്ലബ്ബിന് 50,001/- രൂപയും ശില്പവും പ്രശസ്തി പത്രവും പുരസ്കാരമായി വിതരണം ചെയ്യുന്നു. പത്രമാധ്യമങ്ങളിലൂടെ അപേക്ഷ സ്വീകരിക്കുകയും വിവിധ മേഖലയിൽ പ്രാഗത്ഭ്യം നേടിയ മൂന്ന് വിദഗ്ദ്ധർ അടങ്ങുന്ന ജൂറി അവാർഡ് നിർണ്ണയിക്കുകയും ചെയ്യുന്നു. അവാർഡുകൾക്കർഹമായ ക്ലബ്ബുകളിൽ നിന്നും മികച്ച ഒരെണ്ണം തെരഞ്ഞെടുത്ത് സംസ്ഥാനതല അവാർഡ് നൽകുന്നു. 2016-17 ൽ മേൽപ്പറഞ്ഞ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തിയ യുവപ്രതിഭകളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി ആദരിച്ചു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമത്തിനായി പുതിയതായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**1.കേരളോത്സവം**<br>2016 ൽ 883 ഗ്രാമപഞ്ചായത്തുകളിലും 151 ബ്ലോക്ക് പഞ്ചായത്തുകളിലും 85 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ജില്ലാതലങ്ങളിലും കേരളോത്സവം സംഘടിപ്പിച്ചു. കേരളോത്സവം 2016 - സംസ്ഥാനതല മത്സരങ്ങളിൽ വിജയിച്ചവർ 2017 ജനുവരി 12 മുതൽ 16 വരെ തീയതികളിൽ ഹരിയാനയിലെ റോഹ്തക്കിൽ വച്ച് സംഘടിപ്പിച്ച നാഷണൽ യൂത്ത് ഫെസ്റ്റിൽ കേരളത്തെ പ്രതിനിധീകരിച്ച് നിരവധി മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തു.<br><br>**2. ദേശീയ യുവജനദിനാചരണം,**<br>ദേശീയ യുവജനദിനാഘോഷത്തോടനുബന്ധിച്ച് 14 ജില്ലകളിലും കേരള സംസ്ഥാന യുവജനക്ഷേമബോർഡ് ജില്ലാ യുവജന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ദേശീയ യുവജന ദിനാചരണം സംഘടിപ്പിക്കുകയുണ്ടായി.<br><br>**3.നാഷണൽ ഫോക് ഫെസ്റ്റ്,**<br>ഇന്ത്യയിലെ 8 ഓളം സംസ്ഥാനങ്ങളിലെ നാടോടി കലാകാരൻമാരെ ഉൾപ്പെടുത്തി അവരുടെ തനത് നാടൻ കലാ രൂപങ്ങൾ കേരള ജനതയ്ക്ക് പരിചയപ്പെടുത്തുക എന ലക്ഷ്യത്തോടെ നാഷണൽ ഫോക് ഫെസ്റ്റ് ഓഫ് കേരള(നാടോടി കലാമേള) സംഘടിപ്പിക്കുകയുണ്ടായി.<br><br>**4. യുവസാഹിത്യ ക്യാമ്പ്,**<br>സാഹിത്യ മേഖലയിലെ അഭിരുചിയുള്ള 150 ഓളം യുവതീ യുവാക്കളെ സംഘടിപ്പിച്ചുകൊണ്ട് യുവ സാഹിത്യ ക്യാമ്പ് സംഘടിപ്പിച്ചു.<br><br>**5.യുവ മാധ്യമ പ്രവർത്തക ക്യാമ്പ്,**<br>കേരളത്തിലെ പത്ര - മാധ്യമ രംഗത്ത് തൽപ്പരരായ യുവതീ യുവാക്കളെ പങ്കെടുപ്പിച്ചു കൊണ്ട് മേഖലാ തലത്തിലും സംസ്ഥാന തലത്തിലും യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| | | | **6. വനിതാ ശില്പശാല**<br>വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട് ജില്ലാ-സംസ്ഥാനാടിസ്ഥാനത്തിൽ വനിതാ ശിൽപശാലകൾ സംഘടിപ്പിച്ചു വരുന്നു.<br><br>**7. യൂത്ത് അവാർഡ് 2015**<br>2015 ലെ യൂത്ത് അവാർഡ് വിതരണംമാർച്ച് 14-ാം തീയതി നടത്തി. സാഹിത്യം. കായികം. കല,കാർഷികം, സാമൂഹിക പ്രവർത്തനം, മാധ്യമം എന്നീ മേഖലകളിലെ മികച്ച പ്രവർത്തനം കാഴ്ചവച്ച വ്യക്തികൾക്കും സംസ്ഥാനത്തെ മികച്ച യൂത്ത് ക്ലബ്ബുകൾക്കും ജില്ലാതല യൂത്ത് ക്ലബ്ബുകൾക്കും അവാർഡ് നൽകി. |

സെക്ഷൻ ഓഫീസർ